**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1803** **02-02-2024 - ൽ മറുപടിയ്ക്ക്**

**സാൻറാമോണിക്ക ഡയറക്ടറെ ശ്രീനാരായണ ഗുരു ഓപ്പൺ യൂണിവേഴ്സിറ്റി സിൻഡിക്കേറ്റിലെ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീമതി കെ. കെ. രമ,<br>ശ്രീ. റോജി എം. ജോൺ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | വിദേശ വിദ്യാഭ്യാസ റിക്രൂട്ട്മെന്റ് ഏജൻസിയായ സാൻറാമോണിക്ക ഡയറക്ടറെ ശ്രീനാരായണ ഗുരു ഓപ്പൺ യൂണിവേഴ്സിറ്റി സിൻഡിക്കേറ്റിലേക്ക് നിയമിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ; | (എ) | ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലാ സിൻഡിക്കേറ്റിൽ നിന്നും ഡോ.പ്രേംകുമാർ കെ.പി. രാജിവെച്ച ഒഴിവിൽ സർവകലാശാല സിൻഡിക്കേറ്റിലേക്ക് ഡോ.റെനി സെബാസ്റ്റ്യൻ, ഹൗസ് നം. 24, ഡി.ഡി. വില്ലേജ്, മെയ് ഫസ്റ്റ് റോഡ്, തമ്മനം പി.ഒ., കൊച്ചി 682032 -നെയും യൂണിവേഴ്സിറ്റിയിലെ രജിസ്റ്റേഡ് വിദ്യാർത്ഥികളുടെ വിഭാഗത്തിൽ നിന്ന് അനുശ്രീ കെ., കോളോത്ത് വീട്, കോഴൂർ, എരുവട്ടി പി.ഒ., കണ്ണൂർ, പിൻ 670642 (എം.എ. ഹിസ്റ്ററി ഒന്നാം വർഷ വിദ്യാർത്ഥി)-യെയും നാമനിർദ്ദേശം ചെയ്തുകൊണ്ട് 10.01.2024 തീയതിയിൽ ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലാ രജിസ്ട്രാർക്ക് കത്ത് നൽകിയിട്ടുണ്ട്. കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ പോസ്റ്റ് ഡോക്ടറൽ ഫെല്ലോ ആയിരുന്ന ഡോ. റെനി സെബാസ്റ്റ്യൻ വിദ്യാഭ്യാസ വിദഗ്ധ എന്ന നിലയിലാണ് നാമനിർദ്ദേശം ചെയ്യപ്പെട്ടത്. |
| (ബി) | എങ്കിൽ പ്രസ്തുത സ്ഥാപനത്തിന്റെ ഡയറക്ടറെ ശ്രീനാരായണ ഗുരു ഓപ്പൺ യൂണിവേഴ്സിറ്റി സിൻഡിക്കേറ്റിലേക്ക് നിയമിക്കാനുള്ള കാരണം വിശദമാക്കാമോ; | (ബി) | (എ)-യിൽ നൽകിയിരിക്കുന്നു. |
| (സി) | ആരോപണം നേരിടുന്ന പ്രസ്തുത സ്ഥാപനത്തിന്റെ ഡയറക്ടറെ ശ്രീനാരായണ ഗുരു ഓപ്പൺ യൂണിവേഴ്സിറ്റി സിൻഡിക്കേറ്റിലേക്ക് നിയമിച്ച നടപടി പുനഃപരിശോധിക്കാൻ തയ്യാറാകുമോ? | (സി) | (എ)-യിൽ നൽകിയിരിക്കുന്നു. |

സെക്ഷൻ ഓഫീസർ